(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെയായി എത്ര കേസ്സുകൾ പിൻവലിക്കുകയുണ്ടായി ;

(ബി) ഓരോ ജില്ലയിലെയും എത്ര കേസ്സുകൾ പിൻവലിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) പിൻവലിച്ച കേസ്സുകളിലെല്ലാംകൂടി ആകെ എത്ര പ്രതികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 1435 കേസ്സുകൾ കോടതിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പിൻവലിച്ച കേസ്സുകളിലെല്ലാം കൂടി ആകെ 13424 പ്രതികൾ ഉണ്ട്.

അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനം

211 (3033) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭിക്ഷാടന മാഫിയകൾ ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും മോഷണങ്ങളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നതുമായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഭിക്ഷാടന മാഫിയകളെ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇവരെ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭിക്ഷാടന മാഫിയകൾ ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതും മോഷണങ്ങളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭിക്ഷാടനക്കാർ വന്നിറങ്ങുവാനും കേന്ദ്രീകരിക്കുവാനും ഇടയുള്ള സ്ഥലങ്ങളായ ബസ് സ്റ്റാന്റ്, റെയിൽവെ സ്റ്റേഷൻ എന്നീ സ്ഥലങ്ങളിൽ കർശനമായ നിരീക്ഷണം നടത്തി ഇത്തരക്കാരെ കണ്ടെത്തിയാൽ ഇവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സംഘടനകളുടെയും സഹായത്തോടെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭിക്ഷാടന മാഫിയകളുടെ പ്രവർത്തനം സംസ്ഥാനത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും അന്യസംസ്ഥാന ഭിക്ഷാടനക്കാരെ കണ്ടെത്തുന്ന മുറയ്ക്ക് ഇവരെ സ്വന്തം സംസ്ഥാനത്ത് തിരിച്ചയയ്ക്കുന്നതിനോ പുനരധിവസിപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പറേഷൻ കബേരയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത കേസുകൾ

212 (3034) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കബേരയുടെ ഭാഗമായി പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ, ശിക്ഷിക്കപ്പെട്ടവ, പ്രതികളെ ഇതേവരെ അറസ്റ്റ് ചെയ്യുവാൻ സാധ്യമായിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് എണ്ണം വ്യക്തമാക്കാമോ ;

(ബി) വൻകിട ബ്ലേഡ് കമ്പനി ഉടമകളായ എത്രപേരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി ; അതിൽ എത്രപേർ ശിക്ഷിക്കപ്പെട്ടു ;

(സി) പരാതികളില്ലാതെ പോലീസ് സ്വന്തം നിലയിൽ ബ്ലേഡ് കമ്പനിക്കാരെയും വട്ടിപ്പലിശക്കാരെയും കണ്ടെത്തി രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ് ; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കബേരയുടെ ഭാഗമായി പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ, ശിക്ഷിക്കപ്പെട്ടവ, പ്രതികളെ ഇതേവരെ അറസ്റ്റ് ചെയ്യുവാൻ സാദ്ധ്യമായിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് എണ്ണം ചുവടെ ചേർക്കുന്നു :

കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവയുടെ എണ്ണം	ശിക്ഷിക്കപ്പെട്ടവയുടെ എണ്ണം	പ്രതികളെ അറസ്റ്റ് ചെയ്യുവാൻ സാദ്ധ്യമായിട്ടില്ലാത്തവയുടെ എണ്ണം
2173	...	665

(ബി) വൻകിട ബ്ലേഡ് കമ്പനി ഉടമകളായ 8 പേരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. അതിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly